ഭരണഭാഷ-മാതൃഭാഷ

ഏരൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

നമ്പർ.400297/BAUV02/GPO/2024/1981/(1)

ഏരൂർ
ഏരൂർ.പി.ഓ
കൊല്ലം
Phone No:04752273253
E-mail:yeroor.gp@gmail.com

തീയതി : 14/04/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലന്സ് ഓഫീസർ 5
ജോയിന്റ് ഡയറക്ടറുടെ കര്യാലയം കൊല്ലം

സർ,

വിഷയം:- സിറ്റിസൺ സ്ഥിരം അദാലത്ത് സമിതി- റിപ്പോർട്ട് സമര്പ്പി ക്കുന്നത് സംബന്ധിച്ച

സൂചന:(1) 15/04/2024 ൽ ബഹു. ഇൻറേണൽ വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് ലഭിച്ച N2601/24 നമ്പർ കത്ത്.

(2)ശ്രീ.റജി.പിജോസഫ്,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ ,പുന്നവേലി പി ഒ എന്നവരുടെ 09/02/2022 തീയതിയിലെ എ5/917/22 നമ്പർ അപേക്ഷ

(3)ശ്രീ.റജി.പിജോസഫ്,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ ,പുന്നവേലിപി.ഒ എന്നവരുടെ 24/01/2023 തീയതിയിലെ 400297/BPRL01/GPO/2023/914നമ്പർ അപേക്ഷ

(4) 03/02/2023 ഈ ഓഫീസിൽ നിന്നും അയച്ച 400297/BPRL01/GPO/2023/914(1) നമ്പർ കത്ത്

(5)ശ്രീ.റജി.പിജോസഫ്,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ,പുന്നവേലിപി.ഒ എന്നവരുടെ 11/04/2023 തീയതിയിലെ 400297/BRRL02/GPO/2023/3381നമ്പർ അപേക്ഷ

(6)02/05/2023 ൽ ഈ ഓഫീസിൽ നിന്നും അയച്ച 400297/BPRL02/GPO/2023/3381(1)

OFFICE OF THE YEROOR GRAMA PANCHAYAT KOLLAM DIST. Ph. 2273253 YEROOR P.O.-691312

നമ്പർ കത്ത്

(7)08/08/2023 ൽ തദ്ദേശസ്വയംഭരണ വകുപ്പ് ബഹു. ജോയിൻറ് ഡയറക്ടർക്ക് ഈ ഓഫീസിൽ നിന്നും അയച്ച എസ്.സി3/3381/ 23 നമ്പർ കത്ത്

(8)14/07/2023 ൽ ശ്രീ.റജി,പി,ജോസഫ് എന്നവര്ക്ക് അയച്ച എസ്.സി3/3381/23 നമ്പർ കത്ത്

(9)ശ്രീ.റജി.പിജോസഫ്,പുള്ളോലിൽ വീട് ,വായ്പ്പപുന്നവേലിക്കരയിൽ,പുന്നവേലി പി.ഒ എന്നവർ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP No.26619/23 നമ്പർ കേസ്

സൂചന (1) പ്രകാരം സിറ്റിസൺ സ്ഥിരം അദാലത്ത് സമിതി മുമ്പാകെ ശ്രീ.റെജി.പി. ജോസഫ് ,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ, പുന്നവേലി പി.ഒ എന്നവർ ഏരൂർ ഗ്രാമപഞ്ചായത്തിലെ 10 ാം വാർഡിൽ ചിക്കൻ റെൻററിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിന് അനുമതിക്കായിയും ലൈസൻസും നല്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ അങ്ങയുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

സൂചന(2) പ്രകാരം ശ്രീ.റെജി.പി. ജോസഫ് ,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ, പുന്നവേലി പി.ഒ എന്നവർ ഏരൂർ വില്ലേജിൽ 745/3201,745/3204 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 8.09 ആർ ,8.09 ആർ ഭൂമിയിൽ 271.09 ച.മി വിസ്തീർണ്ണത്തിൽ ജി1 കാറ്റഗറിയിൽ ഉൾപ്പെട്ട വ്യവസായ ആവശ്യത്തിനുള്ള കെട്ടിടവും 8.41 ച.മി വിസ്തീർണ്ണത്തിൽ എ1 കാറ്റഗറിയിൽ ഉൾപ്പെട്ട ടൊയിലറ്റ് കെട്ടിടവും നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൻ മേൽ ഏരൂർ ഗ്രാമപഞ്ചായത്ത് LID & EW സെക്ഷൻ അസ്സി.എഞ്ചിനിയർ സ്ഥലപരിശോധന നടത്തി പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യതിൻ പ്രകാരം ശ്രീ.റെജി.പിജോസഫ് എന്നവർക്ക് 12/08/2022 ൽ A5-BA(264577)/2022 എന്ന നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള Pollution Control Board ൽ നിന്നുള്ള Concent to establishment രേഖ വിശദമായി പരിശോധിച്ചതിൽ ചിക്കൻ റൻററിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി അപേക്ഷയാണ് ശ്രീ.റെജി .പി.ജോസഫ് സമർപ്പിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടതിനാലും പെര്മിറ്റ് നല്കിയിട്ടുള്ളത് ജി2 കാറ്റഗറി എന്നത് ജി1 കാറ്റഗറി എന്ന് വിനിയോഗഗണം വസ്തുത പരമായി തെറ്റിദ്ധരിക്കപ്പെട്ടതിനാലും ആയത് പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ശ്രീ.റെജി.പി.ജോസഫ് എന്നയാൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ചട്ടം(16),ചട്ടം 90(5) അധികാരം വിനിയോഗിച്ച് അനുവദിച്ച പെർമിറ്റ് 16/01/2023 ൽ 400297/BAUV04/GPO/2022/3474(4) നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത് അപേക്ഷ നിരസിച്ച് ഉത്തരവാക്കിയിട്ടുണ്ട്.

ശ്രീ.അനസ് അലി,അയിഷ മൻസിൽ ,അയിക്കരകോണം,കക്കോട് പി ഒ എന്നവർ ബഹു.കേരള ഹൈക്കോടതി മുൻപാകെ സമർപ്പി ച്ചിട്ടുള്ള WP(C) 41473/2022 നമ്പർ കേസിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 2 ാം നമ്പർ കക്ഷിചേർത്തതിൻറെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ നിർമ്മാണം ആരംഭിച്ച് മെഷീനുകൾ ഭാഗികമായി സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.സൂചന(3) പ്രകാരം

OFFICE OF THE YEROOR GRAMA PANCHAYAT KOLLAM DIST Ph. 2273253 YEROOR P.O. 6913

ശ്രീ.റജി.പിജോസഫ്,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ, ,പുന്നവേലിപി.ഒ എന്നവർ 24/01/2023 തീയതിയിൽ 400297/BPRL01/GPO/2023/914 എന്ന നമ്പർപ്രകാരം ഏരൂർ വില്ലേജിൽ 745/3201,745/3204,745/1/5/5/1,745/1/2301,745/1/3204,745/1/5/2/1,745/1/5/5/1,745/1/3201,745/1/3204 സർവ്വെ നമ്പരിൽ ഉൾപ്പെട്ട 10,398 ച.മി വിസ്തീർണ്ണ ത്തിലുള്ള വസ്തുവിൽ 271.09 m2 വിസ്തീർണ്ണത്തിലുള്ള Large Animal & Poultry Waste Plant യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ അനുമതിക്കായി വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.ആയത് LID & EW സെക്ഷൻ സ്ഥലപരിശോധന നടത്തി ടി അപേക്ഷയിൽ മേലുള്ള അപാകതകൾ സൂചന (4) പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.എന്നാൽ ഏരൂർ വില്ലേജിൽ 745/3201,745/3204,745/1/5/5/1,745/1/2301,745/1/3204,745/1/5/2/1,745/1/5/5/1,745/1/3201,745/1/3204 സർവ്വെ നമ്പരിൽ ഉൾപ്പെട്ട 10,398 ച.മി വിസ്തീർണ്ണത്തിലുള്ളതും ശ്രീ.രതീഷ്,രതീഷ് വിലാസം,ഭാരതീപുരം എന്നവരുടേയും ശ്രീ.റജി .പി ജോസഫ്,പുള്ളോലിൽ വീട്,വായ്പ്പപുന്നവേലിക്കരയിൽ ,പുന്നവേലി പി ഒ എന്നവരുടേയും ഉടമസ്ഥതയിലുള്ളതുമായ പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ജി2 കാറ്റഗറിയിൽ ഉൾപ്പെട്ട വ്യവസായ കെട്ടിടമായ Large Animal & Poultry Waste Plant റൻററിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ക്രമവല്ക്കരണ അപേക്ഷയാണ് സൂചന(5) പ്രകാരം 11/04/2023 തീയതിയിൽ 400297/BRRL02/GPO/2023/3381 എന്ന നമ്പരിൽ വീണ്ടും സമർപ്പിച്ചത്. ആയത് LID & EW സെക്ഷൻ സ്ഥലപരിശോധന നടത്തി അപേക്ഷയിൽ മേലുള്ള അപാകതകൾ സൂചന (6) പ്രകാരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതി മുൻപൊകെ ശ്രീ.അനസ് അലി,അയിഷ മൻസിൽ, ഐക്കരകോണം,പുനലൂർ,കക്കോട് പി ഒ എന്നവർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 2 ാം നമ്പർ കക്ഷി ചേർത്ത് വീണ്ടും ഹൈക്കോടതിയിൽ WP(C) 2572/2022 പരാതി സമർപ്പിച്ചിട്ടുണ്ട്.ആയതിൽ ടി പരാതിയിലെ 7 നമ്പർ Respondent ആയ ഫോറസ്റ്റ് റയ്ഞ്ച് ഓഫീസർ സമർപ്പിപച്ച അഫിഡവിറ്റിൽ ടി നിർമ്മാ ണത്തിന് വനം വകുപ്പിൻറയും കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൻറയും അനുമതി ആവശ്യമുണ്ടെന്നുള്ള വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.ആയത് ചുവടെ ചേർക്കുന്നു.

The 9 th respondent has no right to use the forest road for his commercial purposes.The forest road which is used by the M/s .oil Palm India Ltd,for transportation of their products under Oil Palm cultivation and use of staff is a coupe road used for forestry purposes.Without permission of the Central Government the said stretch of forest road cannot he used for non forestry purpose as the same will result in violation of the provisions of section 2 of the Forest (conservation) Act,1980

Section 2 of the Forest conservation Act ,1980 is as follows

Restriction on the dereservation of forest or use of forest land for non forestpurpose .Notwithstanding anything contained in any other law for the time being in force in a state ,no state government or other authority shall make ,except with the prior approval of the central government,any order direction 

a)That any reserved forest (within the meaning of the expression  reserved forest in any law for the time being in force in that state)or any portion thereof ,shall cease to be reserved.

OFFICE OF ... GRAMA PANCHAYAT KOLLAM DIST. Ph. 2273253 YEROOR P.O. 691312

b) That any forest land or any portion thereof may be used for any non forest purpose;1(iii) that any forest land or any portion therof may be assigned by way of lease or otherwise to any private person or to any authority,corperation,agency or any other organization not owned ,managed for controlled by government

iV) That any forest land or any portion thereof may be cleared of trees which have grown naturally in that land or portion,for the purpose of using it for reafforestation) 2(Explanation for the purpose of using it for this section non forest purpose means the breaking up or clearing of any forest land or portion thereof for

a) The cultivation of tea,coffee,spices,rubber,palm,oil bearing plants,horticulture crops or medicinal plants

b) Any purpose other than reafforestation ,but does not include any work relating or ancillary to conservation,development and management of forest and wild life ,namely the establishment of check-posts,firelines,wireless communications and construction of fencing,bridges and culverts ,dams,waterholes,trenchmarks,boundarymarks,pipelines or other like purposes

ഏരൂർവില്ലേജിൽ 745/3201,745/3204,745/1/5/5/1,745/1/2301,745/1/3204,745/1/5/2/1,745/1/5/5/1,745/1/3201,745/1/3204 സർവ്വെ നമ്പരിൽ ഉൾപ്പെട്ട 10,398 ച.മി വിസ്തീർണ്ണത്തിലുള്ളതും ശ്രീ.രതീഷ്,രതീഷ് വിലാസം,ഭാരതീപുരം എന്നവരുടേയും ശ്രീ.റജി .പി ജോസഫ്,പുള്ളോലിൽ വീട്,വായ്പ്പുപുന്നവേലിക്കരയിൽ, പുന്നവേലി പി ഒ എന്നവരുടേയും ഉടമസ്ഥതയിലുള്ളതുമായ പ്രസ്തുത പ്ലോട്ടിൽ ശ്രീ.റജി പി.ജോസഫ് എന്നയാൾ നടത്താനുദ്ദേശിക്കുന്ന Large Animal & Poultry Waste Plant ലേക്ക് പോകുന്നതിന് Oil Palm India Ltd ൻറെ പേരിലുള്ള വഴിമാത്രമേ ഉള്ളൂ എന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.പെർമിറ്റ് ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള ലൊക്കേഷൻ സ്കെച്ചിലും ആയത് രേഖപ്പെടുത്തിയിട്ടുണ്ട്.പഴയേരൂർ- സ്നേഹാരം വരെ നീളത്തിലുള്ള 2 KM സിമന്റ് റോഡ് പഞ്ചായത്തിൻറെ ആസ്തിയില് ഉൾപ്പെട്ടിട്ടുള്ളതും പ്രസ്തുത പ്ലോട്ടിലേക്കുള്ള ശേഷിക്കുന്ന 1½ KM മൺറോഡ് ഓയിൽ പാമിൻറെ ഉള്ളിൽക്കൂടിയുള്ള ഫോറസ്റ്റ് അധീനതയിലുള്ള റോഡും ആകുന്നു.

മേൽ സാഹചര്യത്തിൽ 400297/BRRL02/GPO/2023/3381 നമ്പർ അപേക്ഷയിലെ മറ്റ് അപാകതകൾ പരിഹരിച്ച് അപേക്ഷ പുനർസമർപ്പിക്കുന്ന പക്ഷം ഈ വഴി ടി ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ സാധിക്കുമോ എന്നതും ടി യൂണിറ്റ് ടി വനപ്രദേശത്ത് പ്രവർത്തിപ്പിക്കാനാവുന്നതാണോ എന്നതും സംബന്ധിച്ചുള്ള സ്പഷ്ടീകരണവും ചിക്കൻ റെന്ററിംഗ് യൂണിറ്റ് തുടങ്ങുന്നതിന് നിലവിലുള്ള നിയമപ്രകാരം സംസ്ഥാന വനം വകുപ്പിൻറെയും കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൻറെയും അനുമതി ലഭിക്കുന്നതിന് ഏത് ഓഫീസിൽ നിന്നും ഏതെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച നിർദ്ദേശവും, സ്പഷ്ടീകരണവും ലഭിക്കുന്നതിന് ബഹു. ജോയിൻറ് ഡയറക്ടറുടെ ഓഫീസിൽ ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൻമേൽ ആയത് സംബന്ധിച്ച് മറുപടി ടി ഓഫീസിൽ നിന്നും നല്കിയിട്ടുണ്ട്. ടി മറുപടി കത്തിൽ ബഹു കൊല്ലം ജില്ലാ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ 01/06/2017 ലെ M4/20993/17 നമ്പർ ഉത്തരവ് പ്രകാരം അപേക്ഷയിൽ പരാമർശിക്കുന്ന വഴിയിൽ കൂടി ശ്രീ. ബാബു

OFFICE OF THE YEROOR GRAMA PANCHAYAT KOLLAM DIST. Ph. 2273253 YEROOR P.O.-691312

ജോർജ്, ബാബു ഉമ്മൻ, ലക്ഷ്മണൻ ഇടങ്ങിയവരുടെ ഭവനത്തിലേക്ക് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് പൊതുവഴിയില്ലൂടെ വൈദ്യുതി ലൈൻ വലിച്ച വൈദ്യുതി കണക്ഷൻ നൽകുകയുണ്ടായി എന്നും പ്രസ്തുത ഉത്തരവിൽ ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് ഉപയോഗിക്കുന്ന വഴി പൊതുവഴി ആണെന്നും ഈ പൊതുവഴിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ എല്ലാവർക്കും പൊതുവഴിയിലൂടെ പോസ്റ്റിട്ട് വൈദ്യുതി എടുക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളതായും ആയതിനാൽ ഈ വസ്തുത പരിഗണിച്ച് വ്യവസായ സ്ഥാപനത്തിന്റെ പെർമിറ്റ് / റഗുലറൈസേഷൻ അനുവദിക്കണമെന്ന് ശ്രീ.റജി പി ജോസഫ് മേൽ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു എന്നും ടി ഉത്തരവ് കൂടി പരിശോധിച്ച് നിയമാനുസൃത തുടർനടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ പ്രകാരം ടി ഉത്തരവ് പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച വ്യക്തികൾക്ക് കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതികരണത്തിൻറെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ബഹു.ജില്ല കളക്ടറുടെ പ്രത്യേക അധികാരം വിനിയോഗിച്ച് ഗാർഹീക വൈദ്യുത കണക്ഷൻ എടുക്കുന്നതിന് ടി വഴിയിൽ പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിയാണ് നല്കിയിട്ടുള്ളത്. പ്രസ്തുത വഴിയിലൂടെ ഗാർഹിക വൈദ്യുതി കണക്ഷനുള്ള ലൈൻവലിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതായി കാണുന്നു .എന്നാൽ വ്യവസായ ആവശ്യത്തിലേക്ക് പ്രസ്തുത വഴിയിലൂടെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അനുമതി നല്കിയത് സംബന്ധിച്ച് ടി ഉത്തരവിൽ രേഖപ്പെടുത്തി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ടി ഉത്തരവുപ്രകാരം ശ്രീ.റജി പി ജോസഫ് എന്നവരുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന Large Animal & Poultry Waste Plant യൂണിറ്റ് തുടങ്ങുന്നതിന് പെർമിറ്റ് / റെഗുലറൈസേഷൻ അനുവദിക്കാൻ നിലവിൽ നിർവാഹമില്ല എന്നുള്ള വിവരം അങ്ങയുടെ ഓഫീസിലും ശ്രീ.റജി പി ജോസഫിനേയും അറിയിച്ച് സൂചന (7), സൂചന (8) പ്രകാരം കത്ത് നല്കിയിട്ടുള്ളതാണ്. നിലവിൽ ശ്രീ.റജി പി ജോസഫ് എന്നവര്ക്ക് പെർമിറ്റ് /റഗുലറൈസേഷൻ നല്കിയിട്ടില്ല എന്നുള്ള വിവരം കൂടി റിപ്പോര്ട്ട് ചെയ്യുന്നു.

കൂടാതെ നിലവിൽ സൂചന (9) പ്രകാരം ശ്രീ. റജി.പിജോസഫ് എന്നവർ ബഹു.ഹൈക്കോടതി മുൻപാകെ പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് / റെഗുലറൈസേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതി സമര്പ്പിച്ചിട്ടുണ്ട്.ടി പരാതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 5 ാം നമ്പർ കക്ഷി ചേര്ത്തിട്ടുണ്ട്. ടി കേസുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ 12/11/2023 തീയതിയിൽ സ്ഥലപരിശോധന നടത്തി പോയിട്ടുള്ളതുമാണ്.ബഹു.ഹൈക്കോടതിയിൽ കേസ് നിലനില്ക്കു ന്നതിനാലും നാളിതുവരെ ടി കേസ് സംബന്ധിച്ച അന്തിമ ഉത്തരവുകളൊന്നും ബഹു. ഹൈക്കോടതിയിൽ നിന്നും ഈ ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാലും പെർമിറ്റ് / റെഗുലറൈസേഷൻ അപേക്ഷയിൽമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

OFFICE OF THE YEROOR GRAMA PANCHAYAT KOLLAM DIST. Ph. 2273253 YEROOR P.O.-691312

വിശ്വസ്തതയോടെ,

പ്രവീൺ പി ഐ

സെക്രട്ടറി

OFFICE OF THE YEROOR GRAMA PANCHAYAT
KOLLAM DIST.
Ph. 2273253
YEROOR P.O.-691312

Document certified by PRAVEEN P I <PRAVEENPI1974@GMAIL.COM>

Digitally signed by PRAVEEN P I
Date: 2024.04.15 [illegible]:50:48 IST
Reason: ILGMS Govt. of kerala